DESPATCH
On. 20/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 563*(2)/2021*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **13048**/*എസ്.ഐ.സി-ജി 6/21*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മൊയ്തീൻകുട്ടി,**
**വെള്ളടത്ത് വീട്,**
**ഇടക്കുളം,**
**തിരുനാവായ പിൻ – 676 301.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**വളാഞ്ചേരി നഗരസഭ,**
**വളാഞ്ചേരി നഗരസഭ കാര്യാലയം,**
**വളാഞ്ചേരി, മലപ്പുറം ജില്ല – 676 552.** } **എതിർകക്ഷി**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. മൊയ്തീൻകുട്ടി, 12.10.2021ന് സമർപ്പിച്ച പരാതി ഹർജി 16.10.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.563(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 13.09.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ശ്രീ.കെ.ടി.ജലീൽ എം.എൽ.എ.യുടെ വീടിന്റെ വിസ്തീർണ്ണം, വീട് നിലനിൽക്കുന്നത് എത്ര സെന്റ് സ്ഥലത്താണെന്നും, കെട്ടിട നികുതിയെത്രയാണെന്നുമാണ്.

ആയതിന് 12.10.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ നിയമപ്രകാരം ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ

പരിശോധനയിൽ ലഭ്യമായിട്ടില്ലെന്നും ബന്ധപ്പെട്ട കെട്ടിടം സ്ഥിതി ചെയ്യുന്ന വാർഡോ, കെട്ടിട നമ്പറോ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ആയത് കൃത്യമായി രേഖപ്പെടുത്തി അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് വിവരങ്ങൾ നൽകുന്നതാണെന്നും ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സൂക്ഷിക്കുന്നത് റവന്യൂ വകുപ്പായതിനാൽ ടി വകുപ്പിൽ നിന്നും വിവരങ്ങൾ അറിയാവുന്നതാണെന്നുമാണ്.

4. എതിർകക്ഷി 08.11.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 13.09.2021ന് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേലുള്ള മറുപടി 12.10.2021ൽ ടിയാന് നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിന്മേൽ ടിയാനുള്ള പരാതി യഥാസമയം മറുപടി ലഭ്യമായില്ലായെന്നുള്ള അപ്പീൽ അപേക്ഷ അപ്പീൽ അധികാരിയ്ക്ക് സമർപ്പിച്ചിട്ടില്ലാത്തതാണെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നുവെന്നും ടിയാനു നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം അയച്ചുകൊള്ളുന്നുവെന്നുമാണ്.

5. 21.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംസ് സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ പ്രസ്തുത വിവരം രേഖപ്പെടുത്തിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പു സഹിതം ഹാജരാക്കി എതിർകക്ഷി കമ്മീഷനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/